

ടിനി ഫിലിപ്പ്

*The Contrarian Consultant*

ഇന്ത്യയിലും ജി.സി.സി രാഷ്ട്രങ്ങളിലുമായി സ്ഥായിയായ ബിസിനസ് മോഡലുകൾ വളർത്തിയെടുക്കുന്നതിനുവേണ്ടി ദീർഘകാല അടിസ്ഥാനത്തിൽ സംരംഭകരുമായി ചേർന്ന് പ്രവർത്തിക്കുന്ന ബിസിനസ് അഡ്വൈസറാണ് ലേഖകൻ. 1992ൽ IIM(L) ൽ നിന്ന് PGDM എടുത്തതിനുശേഷം ബിസിനസ് അഡ്വൈസറായി പ്രവർത്തനം ആരംഭിച്ച അദ്ദേഹം റിസൾട്ട്സ് കൺസൾട്ടിംഗ് ഗ്രൂപ്പിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറാണ്. email: tinyphilip@gmail.com, website: www.we-deliver-results.com

# ബിസിനസിന് മൂലധനം കണ്ടെത്തുമ്പോൾ ശ്രദ്ധിക്കണം, ഇക്കാര്യങ്ങൾ

**ബിസിനസിന് ആവശ്യമായി വരുന്ന മൂലധനം എത്രയെന്ന് ആദ്യമേ മനസിലാക്കാൻ കഴിയണം**

ഒരു ബിസിനസ് വിജയിക്കാൻ ആവശ്യമായ നിരവധി ഘടകങ്ങളെ കുറിച്ച് കഴിഞ്ഞ ലക്കങ്ങളിൽ സൂചിപ്പിച്ചിരുന്നു. അവ എന്തൊക്കെയെന്ന് ചിത്രം ഒന്നിൽ നൽകിയിരിക്കുന്നു.

*Figure 1:*
*Ingredients for starting your first business successfully*




ഇതിൽ സംരംഭക മനോഭാവം, ശരിയായ ഉൽപ്പന്നം അല്ലെങ്കിൽ സേവനം, ശരിയായ വിപണി, ബിസിനസിനെ സംബന്ധിച്ച മതിയായ അറിവ് തുടങ്ങിയ കാര്യങ്ങൾ കഴിഞ്ഞ മൂന്ന് ലക്കങ്ങളിലായി വിശദമാക്കിയിരുന്നു.

## മതിയായ മൂലധനം

അവസാനത്തെ ഘടകമായ മതിയായ മൂലധനം എന്നതാണ് ഈ ലേഖനത്തിൽ വിശദീകരിക്കുന്നത്.

ബിസിനസിനെ സംബന്ധിച്ച മതിയായ അറിവ് നേടിയ ശേഷം ശരിയായ വിധത്തിൽ ആരംഭിക്കുന്ന ഒരു ബിസിനസിനെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഒരു ഘടകമാണിത്.



**പുതിയ സംരംഭം തുടങ്ങുമ്പോൾ തന്നെ കുടുംബ ചെലവുകൾക്ക് ആവശ്യമായ തുക ഒരു ഭാഗത്ത് മാറ്റിവെച്ചിരിക്കണം. ബിസിനസ് ആവശ്യത്തിന് ലാഭം ഉണ്ടാക്കുന്നതു വരെ ജീവിക്കാൻ തികയുന്ന തുകയായിരിക്കണം ഇത്**

ബിസിനസ് വിജയിക്കുന്നതിൽ പ്രധാനപ്പെട്ട ഒരു ഘടകം തന്നെയാണ് ആവശ്യത്തിന് മൂലധനം ഉണ്ടായിരിക്കുക എന്നത്.

മിക്ക സംരംഭകരും അവരുടെ ആദ്യ സംരംഭം തുടങ്ങുമ്പോൾ വലിയ തുകയൊന്നും മൂലധനമായി നിക്ഷേപിക്കാൻ ഉണ്ടാകാറില്ല. എന്നാൽ തുടങ്ങാനിരിക്കുന്ന ബിസിനസിന് ആവശ്യമായ മിനിമം മൂലധനം എത്രയായിരിക്കുമെന്ന് ആദ്യമേ തന്നെ മനസിലാക്കാൻ സംരംഭകന് കഴിയണം.

താഴെ പറയുന്ന മൂന്ന് കാര്യങ്ങൾ നിക്ഷേപത്തിൽ ഉൾപ്പെടുന്നു.

1. **ബിസിനസിലെ നിക്ഷേപം:** സ്ഥിര ആസ്തികളിലെ പ്രാരംഭ നിക്ഷേപം, പ്രവർത്തന മൂലധനം, പ്രാരംഭ നഷ്ടം തുടങ്ങിയവയൊക്കെ ബിസിനസ് ആരംഭിക്കുന്നതിന് ആവശ്യമായ തുകയിൽ പെടും.
2. **കുടുംബ പരിപാലനം:** ബിസിനസ് മതിയായ വരുമാനം ഉണ്ടാക്കുന്നത് വരെ സംരംഭകന്റെ കുടുംബത്തെ പരിപാലിക്കാൻ ആവശ്യമായ തുക.
3. **സേഫ്റ്റി മണി:** അറിയപ്പെടാതെ ഉണ്ടാകുന്ന ആവശ്യങ്ങൾക്കായി വേണ്ടിവരുന്ന തുക.

ഇവ ഓരോന്നും വിശദമായി പരിശോധിക്കാം

## ബിസിനസിലെ നിക്ഷേപം

ബിസിനസിൽ തുടക്കത്തിൽ ഉണ്ടാകുന്ന നഷ്ടത്തെ കുറിച്ച് സംരംഭകൻ യാഥാർത്ഥ്യ ബോധത്തോടെ മനസിലാക്കിയിരിക്കണം. അതിനായി പണം മാറ്റിവെയ്ക്കുകയും വേണം. പുതിയ ബിസിനസിൽ നിന്ന് വളരെ വേഗം ലാഭം കിട്ടിത്തുടങ്ങുമെന്നാണ് പല സംരംഭകരും കരുതുന്നത്. ഇത് അപകടകരമായ ചിന്തയാണ്.

ഉൽപ്പന്നമോ സേവനമോ ഔട്ട്സോഴ്സ് ചെയ്യുക, ചെറിയ ഒരു ഓഫീസ് മാത്രം ഒരുക്കി ബിസിനസ് തുടങ്ങുക, കുറച്ചു ജീവനക്കാരെ മാത്രം വെച്ച് തുടങ്ങുക, പരസ്യത്തിനും മറ്റും വലിയ തുക ചെലവഴിക്കാതിരുക്കുക എന്നിങ്ങനെ പലവിധ കാര്യങ്ങളിലൂടെ സംരംഭകന് പ്രാരംഭ നിക്ഷേപം കുറയ്ക്കാനാകും.

ബിസിനസ് മോഡൽ നല്ലതാണെന്ന് കാണുകയും അത് ലാഭം ഉണ്ടാക്കിത്തുടങ്ങുകയും ചെയ്താൽ ലാഭം ഉപയോഗിച്ച് ബിസിനസ് വിപുലീകരിക്കാം.

മതിയായ മൂലധനത്തോടെ ആരംഭിക്കുക എന്നതിലെ പ്രധാനപ്പെട്ട തീരുമാനങ്ങളിലൊന്ന് കൂടുതൽ മൂലധനം ആവശ്യമില്ലാത്ത ഒരു ബിസിനസ് തിരഞ്ഞെടുക്കുക എന്നതു കൂടിയാണ്.

പല ബിസിനസുകാരും കരുതുന്നത് തങ്ങൾ ആദ്യമായി തുടങ്ങുന്ന ബിസിനസാണ് ജീവിതത്തിലെ ഏക ബിസിനസെന്നാണ്. അതുകൊണ്ടു തന്നെ വിജയിക്കുകയാണെങ്കിൽ ഏറ്റവും കൂടുതൽ ലാഭം നൽകാനാവുന്ന ബിസിനസ് അവർ തിരഞ്ഞെടുക്കുന്നു. എന്നാൽ ദൗർഭാഗ്യവശാൽ ഇത്തരം ബിസിനസുകളിൽ മിക്കതിനും വലിയ മൂലധനം ആവശ്യമായി വരുന്നു.

വലിയ തുക മൂലധനമായി വേണ്ടിവരുന്ന ബിസിനസുകൾ ആദ്യ സംരംഭമായി തിരഞ്ഞെടുക്കരുതെന്നാണ് എനിക്ക് സംരംഭകരോട് പറയാനുള്ളത്. ആ ബിസിനസിൽ നിന്ന് മതിയായ പണം നേടാനായാൽ ഭാവിയിൽ കൂടുതൽ ആകർഷകമായ കൂടുതൽ മൂലധനം ആവശ്യമായ ബിസിനസിലേക്ക് കടക്കാമല്ലോ.

## കുടുംബ പരിപാലനം

പുതിയ സംരംഭം തുടങ്ങുമ്പോൾ സംരംഭകർ മനസിലാക്കേണ്ട ഒരു കാര്യമുണ്ട്. പിന്നീട് കുറച്ചു കാലത്തേക്ക് അവർക്ക് കാര്യമായ വരുമാനം ഉണ്ടായിരിക്കില്ല എന്നത്.

അതുകൊണ്ടു തന്നെ കുടുംബ ചെലവുകൾക്ക് ആവശ്യമായ തുക ഒരു ഭാഗത്ത് മാറ്റിവെച്ചിരിക്കണം. ബിസിനസ് ആവശ്യത്തിന് ലാഭം ഉണ്ടാക്കുന്നതു വരെ ജീവിക്കാൻ തികയുന്ന തുകയായിരിക്കണം ഇത്. ഭവന വായ്പ, കാർ വായ്പ തുടങ്ങിയവയുടെ ഇഎംഐകളാണ് കുടുംബ ചെലവുകളിൽ കൂടുതലായി വരുന്നത്.

ബിസിനസ് ആരംഭിക്കുന്നതിന് തൊട്ടുമുമ്പ് ഇത്തരം വായ്പകൾ എടുക്കാതിരിക്കാൻ സംരംഭകർ ശ്രദ്ധിക്കണം. കുടുംബ ചെലവ് വർധിക്കാതിരിക്കാൻ ഇത് സഹായിക്കും.

## സേഫ്റ്റി മണി

ആസൂത്രിതമായ രീതിയിൽ ബിസിനസ് ആരംഭിക്കുന്ന സംരംഭകർ അഭിമുഖീകരിക്കേണ്ടി വരുന്ന അജ്ഞാത പ്രശ്നങ്ങൾ കുറവായിരിക്കും. എന്നിരുന്നാലും ആസൂത്രിതമല്ലാത്ത അത്തരം ഘടകങ്ങൾ അഭിമുഖീകരിക്കേണ്ടി വരില്ലെന്ന് അതുകൊണ്ട് അർത്ഥമില്ല. ഇത് അർത്ഥമാക്കുന്നത്, ആസൂത്രിതമല്ലാത്ത ഇത്തരം പ്രശ്നങ്ങളെ നേരിടുന്നതിന് ആവശ്യമായ ഫണ്ട് കരുതിയിരിക്കണമെന്നാണ്.

വിജയകരമായ സംരംഭം കെട്ടിപ്പടുക്കാൻ ഈ ലേഖനങ്ങൾ സഹായകമാകുമെന്നാണ് എന്റെ പ്രതീക്ഷ. ■

ഒരു ധനം പ്രസിദ്ധീകരണം




**പ്രമുഖരുടെ ഉള്ളിലിരുപ്പ് എന്താണ്?**

രാഷ്ട്രീയം, സിനിമ, ബിസിനസ്, സാമൂഹ്യപ്രവർത്തനം തുടങ്ങിയ വ്യത്യസ്ത മേഖലകളിൽ നിന്നുള്ള പ്രമുഖ വ്യക്തിത്വങ്ങളുടെ ഇഷ്ടങ്ങൾ, ഇഷ്ടക്കേടുകൾ, പ്രിയപ്പെട്ട ഓർമകൾ... പുസ്തക രൂപത്തിൽ.

പ്രശസ്തരെ കൂടുതൽ മനസിലാക്കാം. അവരുടെ ജീവിതത്തെ അടുത്തറിയാം. അവർക്ക് വിജയങ്ങൾ നേടിക്കൊടുത്ത ശീലങ്ങൾ സ്വായത്തമാക്കാം.

**വില ₹300. പേജ് 210**



To buy online visit
subscribe.dhanamonline.com

Bank Transfer (within India)
A/c. Name: DHANAM PUBLICATIONS PVT. LTD.
A/c. No.: 002433000000015
Bank: Indian Overseas Bank. Branch: Ernakulam
IFSC: IOBA0000024

ധനം BUSINESS MAGAZINE
Dhanam Publications Pvt. Ltd.
Ph: 0484 – 2315840, 2316494
Email: subscription@dhanam.in
Mobile: 9072570051